भारतीय गैर न्यायिक
भारत INDIA
रु. 500 FIVE HUNDRED RUPEES
पाँच सौ रुपये Rs. 500
INDIA NON JUDICIAL

കേരളം केरल KERALA M 707596

## വാടക എഗ്രിമെന്റ്

01/11/2024 രണ്ടായിരത്തിഇരുപത്തനാല് നവംബർ മാസം ഒന്നാം തിയ്യതി വയനാട് ജില്ല വൈത്തിരി താലൂക്ക് കോടപ്പടി അംശം ദേശത്ത് മേപ്പാടി പോസ്റ്റ് പരിധിയിൽ പൂത്തോട്ടിൽ വീട്ടിൽ താമസം അബ്ദുൽ ഗഫൂർ പി എന്നവരുടെ മകൻ 40 വയസ്സ് മുഹമ്മദ് സഹദ് പി (ആധാർ നമ്പർ 6847 3678 2784) എന്നവർ ഒന്നാം നമ്പർകാരനായും, കോഴിക്കോട് ജില്ല, കോഴിക്കോട് താലൂക്ക്, കാരന്തൂർ വില്ലേജിൽ കുന്നമംഗലം,പി ഒ കാരന്തൂർ പിൻ 673571 സുധ ഭവൻ താമസിക്കും റെജി ജോർജ്ജ് എന്നവരുടെ ഭാര്യ **ശാന്തിനി വി വി** (ആധാർ 5171 4445 0592 ) രണ്ടാം നമ്പർകാരായും എഴുതിയ വാടക എഗ്രിമെന്റ്.

SHANTHINI .V.V

ഒന്നാം നമ്പറുകാരൻ

രണ്ടാം നമ്പറുകാരൻ

സഹദ്

No: 2894
Value: 500 രൂ
Date: 7-6-2024
Issued to: റെജി ജോർജ്ജ് ഷന്തിനി

Stamp Vendor

DISTRICT TREASURY WAYANAD
3 JUN 2024
KALPETTA NORTH
PIN: 673122

കൽപ്പറ്റ മുനിസിപാലിറ്റിയിലെ 25 വാർഡിലെ 158/243,158/244 നമ്പ റായുള്ള കെട്ടിടം ഒന്നാം നമ്പർകാരൻ കൈവശം വെച്ച് കൽപ്പറ്റ നഗര സഭക്ക് വാടക നൽകി വരുന്നതാണ്. പ്രസ്തുത കെട്ടിടം നിലവിലെ വാടക ഉടമ എന്ന നിലക്ക് രണ്ടാം നമ്പർകാരന് ബിസിനസാവിശ്യത്തി നായി രണ്ടാം നമ്പർകാരൻ ഒന്നാം നമ്പർകാരൻ വാടകക്ക് അനു വാദംചോദിക്കുകയും അതുപ്രകാരം താഴെ വിവരിച്ചിട്ടുള്ള വ്യവസ്ഥ കൾക്ക് വിധേയമായി ഇന്നുമുതൽ 11 മാസത്തേക്ക് അനുവാദം കൊടു ക്കുകയും ചെയ്തിരിക്കുന്നു.

1. രണ്ടാം നമ്പർകാരൻ കെട്ടിടം ഏറ്റെടുത്ത് ബിസിനസ്സാവിശ്യത്തിന് വേണ്ടി മാത്രം ടി കെട്ടിടം ഉപയോഗിക്കുന്നതിന് വാടകയായി ഒന്നാം നമ്പർകാരന് ആകെ കണക്കാക്കിയ മാസവാടകയായി സംഖ്യ 8,000/-(എട്ടായിരം രൂപ മാത്രം) രൂപ ഒന്നാം നമ്പർകാരൻ നിർദ്ദേശിക്കും പ്രകാരം രണ്ടാം നമ്പർകാരൻ കൊടുക്കേണ്ടതാണ്.

2. മേൽ പ്രസ്താവിച്ച പ്രകാരം ഉണ്ടാകുന്ന വാടക ഓരോ മാസവും കൃത്യമായി രണ്ടാം നമ്പർകാരൻ ഒന്നാം നമ്പർകാരന് നൽകേ ണ്ടതും തുടർച്ചയായി മൂന്ന് മാസങ്ങൾ മാസവാടക നൽകുന്നതിൽ രണ്ടാം നമ്പർകാരൻ വീഴ്ചവരുത്തുന്ന പക്ഷം കലാവധി നോക്കാതെ തന്നെ എഗ്രിമെന്റ് സ്വമേധയാറദ്ദാക്കുന്നതും കെട്ടിടം രണ്ടാം നമ്പർകാരൻ യാതൊരു തർക്കങ്ങളും കൂടാതെ ഒഴിഞ്ഞ് നൽകേണ്ടതുമാകുന്നു.

3. ടി കെട്ടിടം രണ്ടാം നമ്പർകാരന്റെ ബിസിനസ്സാവിശ്യത്തിന് തടസ്സംവരാത്ത രീതിയിൽ ഒന്നാം നമ്പർകാരനോ ഒന്നാം നമ്പർകാ രൻ ചുമതലപ്പെടുത്തിയ ആൾക്കോ പരിശോധിക്കുവാൻ അധി കാരം ഉള്ളതും ആയതിനെ രണ്ടാം നമ്പർകാരൻ തടസ്സംവരുത്തു വാൻ പാടില്ലാത്തതുമാകുന്നു. കെട്ടിടത്തിന്റെ നിയമപ്രകാരമുള്ള

സഹദ് [signature] SANTHINI .V.V [signature]

ഒന്നാം നമ്പറുകാരൻ | രണ്ടാം നമ്പറുകാരൻ

4. അവകാശം ഒന്നാം നമ്പർകാരനിൽ തന്നെ തുടരുന്നതും രണ്ടാം നമ്പർകാരന് ആയത് ബിസിനസ്സാവശ്യത്തിന് മാത്രം അനുവാദമു ള്ളതും രണ്ടാം നമ്പർകാരൻ ഉപയോഗിക്കുന്ന കെട്ടിടവും പരിസ രവും ആവശ്യമായരീതിയിൽ വൃത്തിയായും ഭദ്രമായും സൂക്ഷിക്കേ ണ്ടതാകുന്നു.

5. നിയമപ്രകാരം അനുമതിയുള്ള രണ്ടാം നമ്പർകാരന്റെ വസ്തുക്കൾ മാത്രം സൂക്ഷിച്ചു വെക്കുകയല്ലാതെ സ്ഫോടകവസ്തുക്കളോ, ആസിഡ്മുതലായവയോ, ഏതെങ്കിലും നിരോധിതവസ്തുക്കളോ മറ്റോ സൂക്ഷിക്കുവാനോ, നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നട ത്താനോ പാടില്ലാത്തതുമാണ്.

6. രണ്ടാം നമ്പർകാരൻ നടത്തിപ്പ് കാലത്ത് കെട്ടിടത്തിന് യാതൊരുവിധ കേടുപാടുകളും ഭേദഗതികളും വരുത്തുവാൻ പാടുള്ളതല്ല. രണ്ടാം നമ്പർകാരന്റെ നോട്ടക്കുറവുകൊണ്ടോ പ്രവൃ ത്തികൊണ്ടോ കെട്ടിടത്തിന്റെ ഭിത്തികൾക്കോ പെയിന്റിംഗു കൾക്കോ ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും രണ്ടാം നമ്പർകാരൻ ഒന്നാം നമ്പർകാരന് വക വെച്ചുകൊടുക്കേണ്ടതാണ്.

7. രണ്ടാം നമ്പർകാരൻ കെട്ടിടത്തിൽ ഉപയോഗിക്കുന്ന കറന്റ്ചാർജ്ജ്,വാട്ടർ ചാർജ്ജ്, ഹരിതകർമ്മസേന യൂസർ ഫീ എന്നിവ എല്ലാം രണ്ടാം നമ്പർകാരൻ തന്നെ മാസവാടകയിൽ കുറവ് വരുത്താതെ സ്വന്തമായി ഒടുക്കി ഒന്നാം നമ്പർകാരനെ ബോധ്യപ്പെടുത്തേണ്ടതാണ്. കറന്റ്,വാട്ടർ ഉപയോഗിക്കുമ്പോൾ അതാത് വകുപ്പിന്റെ നിർദ്ദേശങ്ങൾ കണിശമായി പാലിക്കേണ്ടതും നിർദ്ദേശത്തിനു വിപരീതമായി രണ്ടാം നമ്പർകാരൻ പ്രവർത്തി ക്കാൻ പാടില്ലാത്തതുമാണ്.

8. ടി കെട്ടിടത്തിന്റെ വാടക 11 മാസത്തിനു ശേഷം വർദ്ധനവോടു കൂടി ഇരു നമ്പറുകാരുടേയും സമ്മതത്തോടെ പുതുക്കി നൽകു ന്നതാണ്.

സഹദ് Sd/- SANTHINI.V.V

**ഒന്നാം നമ്പറുകാരൻ** **രണ്ടാം നമ്പറുകാരൻ**

9. രണ്ടാം നമ്പർകാരൻ മേൽപ്പറഞ്ഞ കാലാവധി അവസാനിക്കുന്ന തീയതി തന്നെ യാതൊരുവിധ തർക്കങ്ങളും കൂടാതെ രണ്ടാം നമ്പർകാരന്റെ ചിലവിൽ കെട്ടിടം തന്റേതായ എല്ലാ സാധന സാമഗ്രികളും എടുത്തു മാറ്റി ടി കെട്ടിടം ഒന്നാം നമ്പർകാരനെ ഏൽപ്പിക്കേണ്ടതും ആയതിന് വീഴ്ചവരുത്തുന്ന പക്ഷം രണ്ടാം നമ്പർകാരന്റെ സാധന സാമഗ്രികൾ എടുത്തു മാറ്റി ടി കെട്ടിടം ഒഴിവാക്കി കിട്ടുന്നതിന് ഒന്നാം നമ്പർകാരന് വരുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും രണ്ടാം നമ്പർകാരനും സ്ഥാവരജംഗമസ്വത്തുക്കളും ഉത്തരവാദിയായിരിക്കുന്നതുമാകുന്നു.

10. മേൽവ്യവസ്ഥകൾ നിറവേറ്റുവാൻ രണ്ടാം നമ്പർകാരൻ വീഴ്ചവരുത്തുന്ന പക്ഷം ഈ എഗ്രിമെന്റിൽ കാണിച്ച അവധി പരിഗണിക്കാതെ രണ്ടാം നമ്പർകാരന്റെ സാധനങ്ങൾ എടുത്തു മാറ്റി ടി കെട്ടിടത്തിൽ നിന്നും രണ്ടാം നമ്പർകാരനെ ഒഴിപ്പിക്കാൻ ഒന്നാം നമ്പർകാരന് അവകാശവും അധികാരവുമുള്ളതാണ്.

11. രണ്ടാം നമ്പർകാരൻ ഉപയോഗിക്കുന്ന കാലത്ത് ആയതിന്റെ സുരക്ഷിതത്വത്തിന് വേണ്ടി ഇന്ന് രണ്ടാം നമ്പർകാരൻ ഒന്നാം നമ്പർകാരന് നൽകിയിട്ടുള്ളതും ഒന്നാം നമ്പർകാരൻ കൈപ്പറ്റിയിട്ടുള്ളതുമായ 1,00,000/-ക (ഒരുലക്ഷം മാത്രം) രണ്ടാം നമ്പർകാരൻ കെട്ടിടം ഒഴിഞ്ഞ് ഒന്നാം നമ്പർകാരന് തിരികെ കൊടുക്കുമ്പോൾ വാടക ബാക്കിയോ മറ്റ്വല്ല ബാദ്ധ്യതകളോ ഉണ്ടെങ്കിൽ ആയത്കഴിച്ച് ബാക്കി സംഖ്യയാതൊരു വിധ പലിശയും കൂടാതെ തിരികെ കൊടുക്കുന്നതാണ്.

12. രണ്ടം നമ്പറുകാരൻ സ്വമേധയാ ഒഴിയുകയാണെങ്കിൽ മുന്ന്മാസം മുൻപ് ഒന്നാം നമ്പറുകാരനെ അറിയിക്കണം.

സഹദ് Sug SANTHINI N.N

ഒന്നാം നമ്പറുകാരൻ രണ്ടാം നമ്പറുകാരൻ

മേൽപറഞ്ഞ വ്യവസ്ഥകൾ സ്വമനസ്സാലെ അംഗീകരിച്ചതും ഉത്തമ ബോധ്യത്തോട് കൂടിയും ഇരുനമ്പർകാരും ഈ എഗ്രിമെന്റിൽ താഴെകാണുന്ന സാക്ഷികൾ മുമ്പാകെ ഇതിൽ ഒപ്പിട്ടിരിക്കുന്നു. ഈ എഗ്രിമെന്റ് ഒറിജിനൽ ഒന്നാം നമ്പർകാരനും കോപ്പി രണ്ടാം നമ്പർകാരനും സൂക്ഷിക്കുവാൻ തീരുമാനിച്ചു.

സന്തോഷ് — SANTHINI.V.V

ഒന്നാം നമ്പറുകാരൻ — രണ്ടാം നമ്പറുകാരൻ

<u>സാക്ഷികൾ</u>

1.
2. Ragi George